045620

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വില്ലേജ് വിഭജിച്ച് തുരുത്തി എന്ന പുതിയ വില്ലേജ് രൂപീകരിച്ച് ഉത്തരവാകുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

G.O.(Ms)No.344/2019/RD തീയതി,തിരുവനന്തപുരം, 12/11/2019

---

പരാമർശം:- 1) 01-07-2016 ൽ ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം

2) കാസറഗോഡ് ജില്ലാ കളക്ടറുടെ 23-04-2018 ലെ എം2/50927/16 നമ്പർ കത്ത്.

3) ലാന്റ് റവന്യൂ കമ്മീഷണറുടെ 21-11-2018, 04-09-2019 തീയതികളിലെ എൽ.ആർ.എം.1-42038/2016 നമ്പർ കത്തുകൾ.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു വില്ലേജ് ഓഫീസ് മാത്രമാണുള്ളതെന്നും, ഈ പഞ്ചായത്തിലെ വിസ്തൃതിയും, വർദ്ധിച്ച ജനസംഖ്യയും കണക്കിലെടുത്ത്, ചെറുവത്തൂർ വില്ലേജ് വിഭജിച്ച് തുരുത്തി എന്ന പുതിയ വില്ലേജ് കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പരാമർശം (1) പ്രകാരം നിവേദനം സമർപ്പിയ്ക്കുകയുണ്ടായി. കേരളത്തിലെ എല്ലാ വലിയ പഞ്ചായത്തുകളിലും 2 വില്ലേജുകൾ വീതമാണ് ഉള്ളതെന്നും, ആയതിനാൽ വിസ്തൃതിയും, വർദ്ധിച്ച ജനസംഖ്യയും പൊതുജനങ്ങളുടെ സൗകര്യവും കണക്കിലെടുത്ത്, നിലവിൽ 2 ബ്ലോക്കുകളായി വേർതിരിച്ച് റീസർവ്വെ നടപടികൾ പുരോഗമിക്കുന്ന ചെറുവത്തൂർ വില്ലേജിനെ ബ്ലോക്കുകളുടെ അടിസ്ഥാനത്തിൽ രണ്ട് പ്രത്യേക വില്ലേജുകളായി വിഭജിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം കാസർഗോഡ് ജില്ലാ കളക്ടറും പ്രസ്തുത കാര്യങ്ങൾ കണക്കിലെടുത്ത് ചെറുവത്തൂർ വില്ലേജിന്റെ കാര്യം പ്രത്യേകം പരിഗണിച്ച രണ്ട് വില്ലേജുകൾ ആക്കി വിഭജിക്കാവുന്നതാണെന്ന് പരാമർശം(3) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറും ശുപാർശ ചെയ്തിട്ടുണ്ട്.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ചെറുവത്തൂർ വില്ലേജിലെ വർദ്ധിച്ച ജനസംഖ്യയും, ഭൂവിസ്തൃതിയും, ജനങ്ങൾക്ക് വില്ലേജ് ഓഫീസിൽ എത്തിപ്പെടാൻ നേരിടുന്ന ബുദ്ധിമുട്ടും കണക്കിലെടുത്ത് ചെറുവത്തൂർ വില്ലേജിനെ വിഭജിച്ച് ചെറുവത്തൂർ, തുരുത്തി എന്നീ രണ്ട് വില്ലേജുകൾ രൂപീകരിക്കുന്നതിനും അപ്രകാരം രൂപീകരിക്കപ്പെടുന്ന തുരുത്തി വില്ലേജ് പ്രവർത്തിക്കുന്നതിനായി താഴെപ്പറയും പ്രകാരം 6 തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നല്കി ഉത്തരവാകുന്നു.

1. വില്ലേജ് ഓഫീസർ - 1
2. സ്പെഷ്യൽ വില്ലേജ് ഓഫീസർ - 1
3. വില്ലേജ് അസിസ്റ്റന്റ് - 1
4. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് - 2
5. പാർട്ട് ടൈം സ്വീപ്പർ -1

# File No.REV-F1/183/2018-REV

3) പുതുതായി രൂപീകരിക്കുന്ന തുരുത്തി വില്ലേജിൽ കൂട്ടിച്ചേർക്കേണ്ട പ്രദേശങ്ങളുടെ വിശദാംശങ്ങളും, തുരുത്തി വില്ലേജ് വിഭജനത്തിനു ശേഷം ചെറുവത്തൂർ വില്ലേജിലുള്ള പ്രദേശങ്ങളുടെ വിശദാംശങ്ങളും ഉൾപ്പെടുത്തി ഇതു സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VENU V

PRINCIPAL SECRETARY

1) പ്രസിഡണ്ട്,
   ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്, ചെറുവത്തൂർ.പി.ഒ., കാസർഗോഡ് -671313
2) കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
3) ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കാർഡ്സ്, തിരുവനന്തപുരം
4) ജില്ലാ കളക്ടർ, കാസർഗോഡ്
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
6) അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
7) ധനകാര്യ വകുപ്പ് (ഇ.1089818: വ്യയം-എ1/32/2019-ധന പ്രകാരം)
8) പൊതുഭരണ (എസ്.സി)വകുപ്പ് ( 6-11-2019 തീയതിയിലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ ഇനം നം പ്രകാരം)
9) റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
10) വെബ് & ന്യൂ മീഡിയ വിഭാഗം, വിവരം പൊതുജനസമ്പർക്ക വകുപ്പ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
11) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by Pushpavally B
Date: 2019.11.14 12:32:37 IST
Reason: Approved

സെക്ഷൻ ഓഫീസർ